കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി5 -1168 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി 17/07/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997

കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ. കെ.എൽ.എം. പി5 -1168 /17 തിയ്യതി:17/07/2017

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2.12.16 മുതൽ 16.6.2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.ഗീത.എം.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16-06-17 മുതൽ 28-06-17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീകുമാരി.റ്റി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ആർ.ഷീജ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.എസ്.ശരത് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.അംബികകുമാരി | 1.4.16 മുതൽ 31.3.17 വരെ |

| | | | |
|---|---|---|---|
| സെക്രട്ടറി | : | ശ്രീ.സുനീഷ് കുമാർ | 1.4.16 മുതൽ 5.4.16 വരെ |
| | | ശ്രീ.ബിജു.എസ്<br>(secretery in charge) | 6.4.16 മുതൽ 29.4.16 വരെ |
| | | ശ്രീ.സുനീഷ് കുമാർ.എസ് | 30.4.16 മുതൽ 13.7.16 വരെ |
| | | ശ്രീ.ബിജു.എസ്<br>(secretery incharge | 13.7.16 മുതൽ 22.8.17 വരെ |
| | | ശ്രീമതി.ഓമന ദേവദാസ് | 23.8.16 മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.ബിജു.എസ് | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ്<br>എൻജിനീയർ | | ശ്രീമതി.രേഷ്മ രവി | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ.,പാരിപ്പള്ളി | | ശ്രീമതി.പ്രീതി.ബി,എസ് | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ,കല്ലുവാതുക്കൽ | | ശ്രീ.സതീഷ് കുമാർ | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ,വേളമാനൂർ | | ശ്രീമതി.നിഷ.വി | 5.11.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ഗീത | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി ഓഫീസർ | | ഡോ.ജിജിഭായ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ | | ശ്രീമതി.ഷെർലി | 1.4.16 മുതൽ 29.6.16 പൂർവ്വാഹ്നം വരെ |
| | | ഡോ.വിനോദ് | 29.6.16 അപരാഹ്നം മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർ വൈസർ | | ശ്രീമതി.എസ്.കുമാരി ശോഭന | 1.4.16 മുതൽ 18.5.16 വരെ |
| | | ശ്രീമതി.ശാലിനി.വി | 19.5.16 മുതൽ 02.10.16 പൂർവ്വാഹ്നം വരെ |
| | | ശ്രീമതി.ഷൈലജ.എസ് | 02.10.16 അപരാഹ്നം മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | | ഡോ.ശ്രീജന | 1.4.16 മുതൽ 31.3.17 വരെ |
| എച്ച്.എം,.എൽ.പി.എസ് | | ശ്രീ.മോഹൻ ദിവാകർ | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി.ദീപ മോൾ | 1.4.16 മുതൽ 9.8.16 വരെ |
| | | ശ്രീ.വിനോദ്.അർ.എസ് | 10.8.16 മുതൽ 31.3.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 465284/- രൂപയുടെ കുടിശ്ശിക | 2-1 |
| 13 | അനുവദനീയമായ വ്യാപ്തി കടന്ന നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി | 2-2 |
| 14 | അംഗീകരിക്കപ്പെട്ടിട്ടുള്ള നികുതി നിരക്കിനേക്കാൾ കുറവ് ഈടാക്കി- | 2-3 |

| | | |
|---|---|---|
| | 4249/- രൂപയുടെ നഷ്ടം. | |
| 15 | സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ- പഞ്ചായത്ത് ഫണ്ടിനു നഷ്ടം | 2-4 |
| | ഭാഗം 3 | |
| 16 | ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡെപ്പോസിറ്റ് തുക തിരികെ നൽകി-10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 4272187/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ 495872/- രൂപ ഒടുക്കി - കുഴൽ കിണർ നിർമ്മിച്ചില്ല | 3-3 |
| 19 | ആവശ്യകത കണക്കിലെടുക്കാതെ തെരുവ് വിളക്കുകൾ വാങ്ങി സൂക്ഷിക്കുന്നു | 3-4 |
| 20 | കാലിത്തീറ്റ സബ്സിഡി – തുക തിരികെ ഈടാക്കിയില്ല | 3-5 |
| 21 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് – ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല | 3-6 |
| 22 | ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല | 3-7 |
| 23 | ഔഷധിയിൽ നിന്നും മരുന്ന് പൂർ ണ്ണമായും ലഭ്യമായില്ല | 3-8 |
| 24 | സമ്പൂർണ്ണ ശൗചാലയ പദ്ധതി - പണി പൂർത്തീകരിച്ചിട്ടില്ല | 3-9 |
| 25 | മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല | 3-10 |
| 26 | ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - ക്വട്ടേഷൻ/ടെൻഡർ നടപടികൾ കൂടാതെ പ്ലാസ്റ്റിക് കസേരകൾ വാങ്ങി | 3-11 |
| 27 | യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം നൽകൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി | 3-12 |

| | | |
|---|---|---|
| 28 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 3-13 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-14 |
| 30 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ചെലവഴിച്ചു | 3-15 |
| 31 | ബിറ്റുമിൻ പൂർണ്ണമായും ലഭിച്ചില്ല | 3-16 |
| | ഭാഗം.4 | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 41 | അനുബന്ധം – ഓഡിറ്റ് സാക്ഷ്യ പത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 27.02.2016 തിയതിയിലെ I-ാം നംപർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 23.06.2017 | ഇല്ല | – |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 23.6.17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

ന്യൂനതകളുടെ സംഗ്രഹം

1.പൈക്ക അക്കൗണ്ട് സൂക്ഷിക്കുന്ന എസ്.ബി.ഐ., പാരിപ്പള്ളി ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.67089765776)പാസ്സ് ബുക്ക് പ്രകാരം 31.03.2017 ൽ 74983/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ 68394/-രൂപ മാത്രമേ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളൂ.

2.ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ട് സൂക്ഷിക്കുന്ന എസ്.ബി.ഐ., പാരിപ്പള്ളി ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.B-15006)പാസ്സ് ബുക്ക് പ്രകാരം 31.03.2017 ൽ 173349/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ 158115/-രൂപ മാത്രമേ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളൂ.

3.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4.ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകയിനത്തിൽ 2017-18 വർഷത്തേക്ക് 45300/- രൂപ അഡ്വാൻസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ 60000/-രൂപ ലഭിച്ചിട്ടുള്ളതായി കാണിച്ചിരിക്കുന്നു.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യം ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

6.ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാർട്ട് പേയ്മെന്റ് നൽകിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7.സ്റ്റോക്ക്-സ്റ്റോഴ്സ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8.റിസീവബിൾ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ തൻവർഷം 3411267/- രൂപ കിട്ടാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം 3048669/- രൂപ മാത്രമാണ് പിരിഞ്ഞുകിട്ടാനുള്ളതായി കാണിച്ചിട്ടുള്ളത്.

9.റിസീവബിൾ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ കുടിശ്ശികയായി 2101917/- രൂപ കിട്ടാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം 5981526/- രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണിച്ചിട്ടുണ്ട്.

10.ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 18000/- രൂപ തിരികെ കിട്ടാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിനു ആധികാരികമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11.ഇ.എം.എസ്. ലോൺ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്യാത്തതിനാൽ ബാധ്യതയായി ഈ ഇനത്തിൽ ബാലൻസ് ഷീറ്റിൽ B-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

12. ഇ.എം.എസ്. ലോൺ തിരിച്ചടയ്ക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ഹെഡിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

13.തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ചാത്തന്നൂർ എസ്.ബി.ഐ. യിൽ തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

14.തനത് ഫണ്ട് സൂക്ഷിക്കുന്ന നടയ്ക്കൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ 31.03.2017 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

15.ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി.-ജോയിന്റ് വെഞ്ചർ എന്ന അക്കൗണ്ടിന്റെ പാസ്ബുക്ക് ഹാജരാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | - | 34026452/-രൂപ |
| വരവ് | - | 95296693/-രൂപ |
| ആകെ | - | 129323145/-രൂപ |
| ചെലവ് | - | 74824835/-രൂപ |

നീക്കിയിരിപ്പ് - 54498310/-രൂപ

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18349725 | 18349725 | 18349725 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9179384 | 9179384 | 9179384 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 345132 | 345132 | 345132 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2805036 | 2805036 | 2805036 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3627382 | 3627382 | 3627382 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8853880 | 8853880 | 8853880 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2373426 | 2373426 | 2373426 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 846 | 805381 | 806227 | 794588 | 11639 | 99 EFMSതുക 6230275 |
| ബി ഫണ്ട് | 0 | 70304080 | 70304080 | 70304080 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 131517747 | 152 | 54079175 | 8 | 106 | 57 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25.3 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6470585 | 10245635 | 3775050 | 36.8 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 7214660 | 5745017 | -1469641 | -25.6 |
| മറ്റുവരവുകൾ | 14621459 | 21884796 | 7263337 | 33.2 |
| ആകെ | 28306704 | 37875448 | 9568744 | 25.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 737840 | 405 |
| കർഷക തൊഴിലാളി പെൻഷൻ | 3356870 | 353 |
| വിധവാ പെൻഷൻ | 22005850 | 2114 |
| വാർദ്ധക്യകാല പെൻഷൻ | 37920055 | 4131 |
| വികലാംഗ പെൻഷൻ | 6797215 | 669 |
| 50 വയസിനു മുകളിലുള്ള അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224090 | 21 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4340/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണെങ്കിലും ഗ്രാമ പഞ്ചായത്തിലെ അഭ്യന്തര നിയന്ത്രണ സംവിധാനം പൂർണ്ണമായും ഫലവത്തായി പ്രവർത്തിക്കുന്നില്ല. ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ സമയബന്ധിതമായി ഏകോപിപ്പിച്ച്

നടപ്പിലാക്കുന്നതിലെ വീഴ്ച മൂലം, സ്ഥല പരിമിതി, ഓഫീസ് പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്

നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും 100 ശതമാനം പുരോഗതി കൈവരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പല സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. തെരുവു വിളക്കുകളുടെ പരിപാലനം, കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ ഇവ കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് പര്യാപ്തമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ സംരക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൻ വർഷം 1027862/- രൂപ മുടക്കി അറ്റകുറ്റ പണികൾ നടത്തിയ കമ്മ്യൂണിറ്റി ഹാളിന്റെ പല ഭാഗങ്ങളിലും ചോർച്ച മൂലവും, കെട്ടിടത്തിന്റെ മുകളിലും ഭിത്തികളിലും വൃക്ഷങ്ങൾ വളർന്നുണ്ടായ വിള്ളലുകൾ മൂലവും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.2017 | 3/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.05.2017 | 2016/17 | 17/06/2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 465284/- രൂപയുടെ കുടിശ്ശിക

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന പാരിപ്പള്ളി പഴയ ഷോപ്പിംഗ് കോംപ്ലക്സ്, പാരിപ്പള്ളി പുതിയ ഷോപ്പിംഗ് കോംപ്ലക്സ്, കല്ലുവാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ്, നടയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ കട മുറികളിൽ നിന്നും വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ 465284/- രൂപയുടെ കുടിശ്ശിക വന്നിട്ടുണ്ട്. ഡി.സി.ബി. പത്രിക പ്രകാരം 2016-17 വർഷം 354273/- രൂപയും 2015-16 വർഷം 111011/- രൂപയും വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കുവാൻ ഉണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളുടെ പേരു വിവരങ്ങൾ ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്. വ്യക്തികൾ ഏതു മാസം മുതലുള്ള വാടകയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് അരിയർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ഓരോ വ്യക്തിയുടെയും പേരിന് നേർക്ക് അവരിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻമൂലം കുടിശ്ശിക വരുത്തിയിട്ടുള്ള കാലയളവ് കണക്കാക്കി പിഴ പലിശ ചുമത്താൻ സാധിക്കാതെ വരുന്നു. ഇതു പിഴ പലിശയിനത്തിൽ ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാൻ ഇടയാക്കുന്നു. ആയതിനാൽ ഓരോ

വ്യക്തിയും വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കാലയളവ് കൂടി ഉൾപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്. കട മുറികളുടെ ലേല വ്യവസ്ഥകൾ പ്രകാരം കടമുറി ലേലത്തിൽ കൊള്ളുന്ന വ്യക്തി കടമുറിയുടെ 3 മാസത്തെ വാടക അഡ്വാൻസ് ആയി ഗ്രാമ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ വർഷം തോറുമുള്ള വാടക വർദ്ധനയ്ക്ക് ആനുപാതികമായി ഡെപ്പോസിറ്റ് തുകയിൽ മാറ്റം വരുത്തുന്നില്ല. ലേല വ്യവസ്ഥകൾ പാലിച്ചു- കൊണ്ട് വാടക കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 <u>അനുവദനീയമായ വ്യാപ്തി കടന്നു നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി</u>

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി അനുവദനീയമായ വ്യാപ്തി കടന്നു നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിനു ആശുപത്രിയായി പ്രവർത്തിക്കുന്നതിനു ഗ്രാമപഞ്ചായത്തിൽ നിന്നും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള കംപ്ലീറ്റഡ് പ്ലാൻ പ്രകാരം ശ്രീ.വിനോദ് ലാൽ, ലാലാസ്, തട്ടാമല എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയുടേയും രണ്ടാം നിലയുടേയും തറ വിസ്തീർണ്ണം 614.94ച.മീ. വീതവും മൂന്നാം നിലയുടെ തറ വിസ്തീർണ്ണം 207.25ച.മീ. ഉൾപ്പടെ ആകെ തറ വിസ്തീർണ്ണം 1437.13 ച.മീ. ആണ്. കെട്ടിടം പരിശോധിച്ച ശേഷം എൽ.എസ്.ജി.ഡി. ഓവർസിയർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം ഒന്നാം നിലയുടെ മുൻവശത്തുള്ള 185.85ച.മീ. ഭാഗം വാണിജ്യാവശ്യത്തിനായും ഒന്നാം നിലയിൽ ബാക്കി നിൽക്കുന്ന 429.36ച.മീ. ഭാഗവും രണ്ടാം നിലയുടെ 614.94ച.മീ. ഭാഗവും ഉൾപ്പടെ ആകെ 1044.3ച.മീ. ഭാഗം ആശുപത്രിയായും മൂന്നാം നിലയിലെ 207.25 ച.മീ. ഭാഗം പാർപ്പിടാവശ്യത്തിനായും ഉപയോഗിക്കുന്നതായി അറിയിച്ചുണ്ട്. മേൽ വ്യക്തി വില്ലേജിൽ നിന്നും ഹാജരാക്കിയിട്ടുള്ള കൈവശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം നിൽക്കുന്ന വസ്തുവിന്റെ ആകെ തറവിസ്തീർണ്ണം 1214ച.മീ. ആണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 (2)(iii) പ്രകാരം പാർപ്പിടം, ലോഡ്ജിംഗ് ഹൗസസ്, സമ്മേളനം, ഓഫീസ് അല്ലെങ്കിൽ വ്യാപാരം, വാണിജ്യം/കച്ചവടം എന്നീ ഗണങ്ങളിൽ ഒന്നിൽ കൂടുതൽ കൈവശം ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിടം/കെട്ടിട സമുച്ചയത്തിന്റെ സംഗതിയിൽ പ്ലോട്ടിന്റെ വിസ്തീർണ്ണം 0.5 വരെയാണങ്കിൽ തറ വിസ്തീർണ്ണാനുപാതവും വ്യാപ്തിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും. മേൽ കെട്ടിടത്തിന്റെ സംഗതിയിൽ വാണിജ്യം, ആശുപത്രി, പാർപ്പിടം എന്നീ കൈവശ ഗണങ്ങൾ വരുന്നതും അതിൽ ആശുപത്രി നിയന്ത്രിത കൈവശ ഗണത്തിൽ വരുന്നതുമാണ്. ആയതനുസരിച്ച് ആശുപത്രിക്കായി നീക്കി വയ്ക്കപ്പെട്ടിട്ടുള്ള രണ്ടാം നിലയുടെ 614.94 ച.മീ. ഭാഗം കണക്കാക്കി വ്യാപ്തി മേൽ ചട്ടം പ്രകാരം നിർണ്ണയിക്കുമ്പോൾ 50 ശതമാനത്തിൽ കവിയുന്നുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 പ്രകാരം കാറ്റഗറി- II ഗ്രാമ പഞ്ചായത്തുകളിലെ ആശുപത്രി കെട്ടിടങ്ങൾക്ക് അനുവദിച്ചു നൽകാവുന്ന പരമാവധി വ്യാപ്തി 35 ശതമാനമാണ്. എന്നാൽ ഈ ചട്ടത്തിനു വിരുദ്ധമായി അനുവദനീയമായ പരിധി കഴിഞ്ഞു നിർമ്മിക്ക- പ്പെട്ടിട്ടുള്ള ശ്രീ.വിനോദ് ലാൽ എന്ന

വ്യക്തിയുടെ കെട്ടിടത്തിനു XII/897 മുതൽ 906 വരെയുള്ള കെട്ടിട നമ്പർ നൽകി അസ്സസ് ചെയ്തിരിക്കുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിക്കാതെ മേൽ കെട്ടിടത്തിനു നമ്പർ ഇട്ടു നൽകിയത് അംഗീകരിക്കുന്നില്ല. കെട്ടിടത്തിനു അനുവദിച്ച നൽകിയിട്ടുള്ള കെട്ടിട നമ്പരുകൾ റദ്ദു ചെയ്യേണ്ടതും കെട്ടിടം ക്രമവൽകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 <u>അംഗീകരിക്കപ്പെട്ടിട്ടുള്ള നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി- 4249/- രൂപയുടെ നഷ്ടം</u>

ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള കെട്ടിട നികുതി നിരക്കുകൾ പ്രകാരം 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട അടിസ്ഥാന കെട്ടിട നികുതി ഒരു ച.മീറ്ററിനു 50/- രൂപയാണ്. എന്നാൽ ശ്രീമതി.ബീനാ റഹീം, എ.ആർ. ടവർ, കല്ലുവാതുക്കൽ എന്ന വ്യക്തിയുടെ പേരിലുള്ള XXI/ 1024 നമ്പർ(തറ വിസ്തീർണ്ണം – 354.08ച.മീ.) കെട്ടിടത്തിനു കെട്ടിട നികുതി കണക്കാക്കി-യപ്പോൾ അടിസ്ഥാന വസ്തുനികുതി ഒരു ച.മീറ്ററിനു 40/- രൂപ എന്ന നിരക്കിൽ കണക്കാക്കിയിരിക്കുന്നു. മേൽ കെട്ടിടത്തിൽ നിന്നും ഈടാക്കേണ്ട കെട്ടിട നികുതിയും ഈടാക്കിയിട്ടുള്ള കെട്ടിട നികുതിയും ചുവടെ ചേർക്കുന്നു.

| ഈടാക്കേണ്ട കെട്ടിട നികുതി | | ഈടാക്കിയിട്ടുള്ള കെട്ടിട നികുതി | | കെട്ടിട നികുതിയിൽ വന്ന കുറവ് |
|---|---|---|---|---|
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി (354.08X50) | 17704 | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി (354.08X40) | 14163 | 4249 |
| 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം (20% വർദ്ധനവ്) | 3541 | 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം (20% വർദ്ധനവ്) | 2833 | |
| ആകെ | 21245 | ആകെ | 16996 | |

തെറ്റായ രീതിയിൽ നികുതി നിർണ്ണയിച്ചതുമൂലം ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട തുകയിൽ 4249/- രൂപയുടെ കുറവ് വന്നിരിക്കുന്നു. ഈ തുക മേൽ വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-4 <u>സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- പഞ്ചായത്ത് ഫണ്ടിനു നഷ്ടം</u>

2016-17 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ അവരവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അർദ്ധ വർഷവും പഞ്ചായത്തിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1. | റബ്ബർ ബോർഡ്, പാരിപ്പള്ളി | I & II |
| 2. | യു.എ.ഇ. എക്സ്ചേഞ്ച് | I & II |
| 3. | മണപ്പുറം ഗോൾഡ്, പാരിപ്പള്ളി | I & II |
| 4. | കെ.എസ്.ഇ.ബി., പാരിപ്പള്ളി | I & II |
| 5. | ബി.എസ്.എൻ.എൽ., പാരിപ്പള്ളി | I & II |
| 6. | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി | I & II |
| 7. | യു.കെ.എഫ്, പാരിപ്പള്ളി | I & II |

സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ഉണ്ടായ നഷ്ടം മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡെപ്പോസിറ്റ് തുക തിരികെ നൽകി- 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം കൊണ്ട വ്യക്തി ലേല നിബന്ധനകൾ പാലിച്ചിരുന്നില്ല. ലേല വ്യവസ്ഥകൾ മറികടന്ന് സെക്രട്ടറി ലേലം ഡെപ്പോസിറ്റ് തുക തിരികെ നൽകി.

പാരിപ്പള്ളി കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനുള്ള ലേലം 18/03/2016-ൽ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ വച്ച് നടത്തിയിരുന്നു. 10000/- രൂപ നിർബന്ധിത നിരതദ്രവ്യം കെട്ടി വച്ച് ശ്രീ.വി.സജീവ്, ശ്രീ.സോമരാജൻ, കുടിലിൽ കുടുംബശ്രീ യൂണിറ്റ് എന്നിവർ ലേലത്തിൽ പങ്കെടുത്തിരുന്നു. ലേലത്തിൽ ശ്രീ.വി.സജീവ് 1,11,000/-രൂപ വരെയും കുടിലിൽ കുടുംബശ്രീ യൂണിറ്റ് 1,10,500/-രൂപ വരെയും വിളിച്ചിരുന്നു. ഉയർന്ന തുകയായ 1,11,000/-രൂപ വിളിച്ചിട്ടുള്ള ശ്രീ.വി.സജീവ്, വാസുദേവൻ ഭവൻ എന്ന വ്യക്തിക്ക് ലേലം അന്നേ ദിവസം താത്കാലികമായി സ്ഥിരപ്പെടുത്തി നൽകിയിരുന്നു. 23/03/2016-ൽ നടന്നിരുന്ന പഞ്ചായത്ത് കമ്മിറ്റിയിലെ II(2)ാം നമ്പർ തീരുമാന പ്രകാരം ലേലം മേൽ വ്യക്തിക്ക് സ്ഥിരപ്പെടുത്തി നൽകുകയും ആയത് അറിയിച്ചുകൊണ്ട് സെക്രട്ടറി 26/03/16-ൽ ഈ വ്യക്തിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ലേല വ്യവസ്ഥകളിലെ ക്രമ നം. 7 പ്രകാരം ലേലം പഞ്ചായത്ത് കമ്മിറ്റി സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ചാൽ 7 ദിവസത്തിനകം ബാക്കി നിൽക്കുന്ന ലേല തുക പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതും

നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. എന്നാൽ മേൽ ലേല വ്യവസ്ഥകൾ ശ്രീ.വി.സജീവ് പാലിക്കാത്തതിനാൽ 13/04/2016-ലെ III(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേലം റദ്ദ് ചെയ്യുകയും 14/06/2016 ൽ പുനർലേലം നടത്തുകയും, 55000/- രൂപയ്ക്ക് പാരിപ്പള്ളി കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ശ്രീ.അനീഷ്, അനീഷ് ഭവൻ കടയ്ക്കൽ എന്ന വ്യക്തിക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

പാരിപ്പള്ളി കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശത്തിനുള്ള ലേല വ്യവസ്ഥകളിലെ ക്രമ നം. 8 പ്രകാരം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ആയത് സംബന്ധിച്ച അറിവ് ലഭിച്ച 7 ദിവസത്തിനകം ലേലത്തുക പൂർണ്ണമായും ഒടുക്കി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാത്തപക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം വച്ചിട്ടുള്ള തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും. എന്നാൽ മേൽ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ശ്രീ.വി.സജീവ് എന്ന വ്യക്തിയുടെ നിരത ദ്രവ്യം, 10,000/-രൂപ, വൗച്ചർ നം. 21600175/27-05-2016(ചെക്ക് നം. 192165/ 27-05-2016) തിരികെ നൽകി-യിരിക്കുന്നതായി കാണുന്നു. 26/03/16 ൽ നടന്ന ലേലത്തിൽ രണ്ടാമത്തെ ഉയർന്ന തുകയായ 1,10,500/- രൂപ വിളിച്ചിരുന്ന കുടിലിൽ കുടുംബശ്രീ യൂണിറ്റുമായി യാതൊരുവിധ നെഗോസിയേഷനും നടത്തിയിട്ടുള്ളതായി കാണുന്നില്ല. 14/06/2016-ൽ പുനർ ലേലത്തിൽ ഇതിലും കുറഞ്ഞ തുകയായ 55000/- രൂപയ്ക്കാണ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് പോയിട്ടുള്ളത്. ലേല വ്യവസ്ഥകളിലെ ക്രമ നം. 8-ലെ തുടർ നിർദ്ദേശങ്ങൾ പ്രകാരം ലേല വ്യവസ്ഥ ലംഘിച്ച് ലേലത്തുക അടയ്ക്കാതെ നിരതദ്രവ്യം കണ്ടു കെട്ടിയതിനു ശേഷം വീണ്ടും ലേലം ചെയ്യുമ്പോൾ ആദ്യ ലേലത്തുകയിൽ നിന്നും കുറവു വരികയാണെങ്കിൽ അങ്ങനെ കുറവു വന്ന തുക പഞ്ചായത്തിനുള്ള നഷ്ടമായി കണക്കാക്കുന്നതും ഈ നഷ്ടം ആദ്യം ലേലം സ്ഥിരപ്പെടുത്തിക്കിട്ടിയ ആളിൽ നിന്നോ അദ്ദേഹത്തിന്റെ സ്ഥാവര ജംഗമവസ്തുക്കളിൽ നിന്നോ ഈടാക്കുന്നതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള യാതൊരുവിധ റിക്കവറി നടപടികളും സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 19/06/2017-ൽ ഓഡിറ്റ് എൻക്വയറി നം. 04 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡെപ്പോസിറ്റ് തുക 10,000/-രൂപ തിരികെ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ശ്രീ.വി.സജീവ് എന്ന വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### **3-2** വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - **4272187** രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.

വിനിയോഗ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്

| ക്രമ നംപർ | പദ്ധതിയുടെ പേര് / നംപർ | ഫണ്ട്/ തുക | ബിൽ നംപർ/ തീയതി | അഭിപ്രായം |
|---|---|---|---|---|
| 1. | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം<br>SO129/17 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 1,00,000/-രൂപ | 25/16-17/ 10-3-17 | 5,00,000/- രൂപ ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പേർക്ക് നല്കി(A/C No. 701011400000134) (കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല) |
| | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം<br>SO 235 /17 | വികസനഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം 4,00,000/-രൂപ | 26/16-17/ 10-3-17 | |
| 2. | ഐ.എ.വൈ വിഹിതം നല്കൽ SO239/17 | വികസന ഫണ്ട് (എസ്.സിപി) 1625000/-രൂപ | ബിൽ നം. 23/16- 17/ 10-3-17 | സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പേർക്ക് നല്കി (A/c No.6338237536 Indian Bank)(കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല) |
| 3. | എസ്.എസ്.എ പഞ്ചായത്ത് വിഹിതം SOOO4/17 | വികസന ഫണ്ട് പൊതുവിഭാഗം (സാധാരണ വിഹിതം) 10,00,000/-രൂപ | ബിൽ നം. 14/16-17/ 22-12-16 | 1549505 /-രൂപയുടെ (DD NO. 358905/23.12.16- 10,00,000 /-രൂപ 358907/23.12.16 – 549505/-രൂപ) കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ ലഭിച്ചിട്ടില്ല |
| | | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ് ) | ബിൽ നം. 15/16- 17/22.12.16 | |

| | | | | |
|---|---|---|---|---|
| | | 549505/-രൂപ | | |
| 4. | സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം നല്കൽ SO236/17 | വികസന ഫണ്ട് പൊതുവിഭാഗം (സാധാരണ വിഹിതം) 597682/-രൂപ | 29/16-17/ 29-3-17 | 597682/-രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചാത്തന്നൂരിന്റെ അക്കൗണ്ടിലേക്ക് (നം. 57012354818) നല്കി |
| ആകെ | | 4272187/-രൂപ | | |

(നം. 3/19.6.17) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നാണ് മറുപടിലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കും വരെ 4272187/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.